കുട്ടികൾ കുറവുള്ള സ്കൂളുകൾ

155 (2874) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒന്നാം ക്ലാസ്സിൽ ഒരു കുട്ടിപോലുമില്ലാത്ത സ്കൂളുകളുണ്ടോ ;

(ബി) പത്തിൽ താഴെ വിദ്യാർത്ഥികൾ മാത്രം ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന സ്കൂളുകളുണ്ടോ ;

(സി) ഈ രണ്ട് ഗണത്തിലുംപ്പെട്ട സ്കൂളുകളിൽ എത്ര കുട്ടികൾ വീതം ആകെയുണ്ട് ; ഇത്തരത്തിലുള്ള എത്ര സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഒന്നാം ഗണത്തിൽപ്പെട്ട സ്കൂളുകളിലെ കുട്ടികളുടെ എണ്ണം - 79

രണ്ടാം ഗണത്തിൽപ്പെട്ട സ്കൂളുകളിലെ കുട്ടികളുടെ എണ്ണം - 17,428

രണ്ട് ഗണത്തിലുംപെട്ട ആകെ കുട്ടികളുടെ എണ്ണം - 17,507

ഒന്നാം ഗണത്തിൽപ്പെട്ട സ്കൂളുകളുടെ എണ്ണം - 7

രണ്ടാം ഗണത്തിൽപ്പെട്ട സ്കൂളുകളുടെ എണ്ണം - 287

രണ്ട് ഗണത്തിലുംപെട്ട ആകെ സ്കൂളുകളുടെ എണ്ണം - 294

കുട്ടികളെ കടത്തികൊണ്ടുപോയ സംഭവം അന്വേഷിക്കാൻ നടപടി

156 (2875) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം അറിയുന്നതിനുവേണ്ടി നടത്തിയ ഏകദിന വെരിഫിക്കേഷൻ നടന്ന ദിവസം എന്നായിരുന്നു ;

(ബി) അന്ന് ഒരു സ്കൂളിലേക്ക് കാൽനടയായി പോയ കുട്ടികളെ മറ്റൊരു സ്കൂളിൽ നിന്നും വാഹനത്തിലെത്തി ആ സ്കൂളിലേക്ക് കൊണ്ടുപോയതായി പരാതി ലഭിച്ചുവോ ;

(സി) ഉണ്ടെങ്കിൽ ഏത് സ്കൂളിൽ പോയ കുട്ടികളെയെല്ലാമാണ് ഇപ്രകാരം ജീപ്പിൽ കയറ്റികൊണ്ട് പോയത് ;

(ഡി) ഇതിന്റെ ഫലമായി ഏതെല്ലാം സ്കൂളുകളിൽ ഡിവിഷൻ ഫാൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25-6-2003.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാനും ഇന്റർനെറ്റ് ബന്ധം ഉപയോഗിക്കാനും നടപടി

157 (2876) ശ്രീമതി രാധാ രാഘവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പഠനാവശ്യത്തിനായി കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) എത്ര സ്കൂളുകൾക്ക് ഇന്റർനെറ്റ് ബന്ധവും വെബ്സൈറ്റും ഉണ്ട് ;

(സി) എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കാനും ഇന്റർനെറ്റ് ബന്ധം ഉപയോഗിക്കാനും ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ ലക്ഷ്യം എന്നേയ്ക്ക് നേടുവാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1304 സ്കൂളുകൾ.

LIBRARY ARCHIVES Kerala Legislative Assembly